**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4331 25.06.2019 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച പഠനം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച് വിജിലൻസ്, സിസ്റ്റം സ്റ്റഡി ഓൺ പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് എന്ന പേരിൽ പഠനം നടത്തിയിരുന്നോ; | (എ) | നടത്തിയിരുന്നു. |
| (ബി) | പ്രസ്തുത പഠനത്തിന്റെ ഭാഗമായി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചത് എന്നറിയിക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് സിസ്റ്റം സ്റ്റഡി റിപ്പോർട്ട് ലഭിച്ചതെങ്കിലും, ആ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br>**ഹ്രസ്വകാല നടപടികൾ**<br>1. പ്രൈസ് സോഫ്റ്റ് വെയർ 2-ാം ഘട്ടം നടപ്പാക്കി. ഇ-എം ബുക്ക്, ഇ-ബിൽ എന്നിവ നടപ്പാക്കിവരുന്നു.<br>2. 'പുതിയകാലം - പുതിയ നിർമ്മാണം' എന്ന ആശയം നടപ്പിലാക്കി. പരിസ്ഥിതി സൗഹൃദവും, സൗന്ദര്യാത്മകവുമായ നിർമ്മാണ രീതികൾക്ക് ആരംഭം കുറിച്ചു. കേരളത്തിൽ Typical Plan അനുസരിച്ചുള്ള കെട്ടിടങ്ങളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ |

ഉണ്ട്.

3. പൊതുമരാമത്ത് മാന്വൽ പ്രകാരമാണ് കരാർ പ്രവർത്തികൾ നടപ്പാക്കുന്നത്.
4. പ്രവർത്തികളുടെ ഗുണനിലവാരം രേഖപ്പെടുത്തുന്നതിനുള്ള എല്ലാ mandatory test കളും നടത്തുന്നതിനും, test report അനുസരിച്ച് ബില്ല് അനുവദിക്കുന്ന സമ്പ്രദായവും കർശനമാക്കി.
5. പ്രൈസ് സോഫ്റ്റ് വെയർ നടപ്പാക്കിയതിന്റെ ഭാഗമായി പ്രവൃത്തിയുടെ പുരോഗതികൾ വെബ്സൈറ്റിൽ Upload ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
6. ജീവനക്കാരുടെ സ്ഥലം മാറ്റം അഴിമതി മുക്തമാക്കി. മാനദണ്ഡങ്ങൾ നടപ്പിലാക്കി.
7. പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി. അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു വരുന്നു.
8. എസ്റ്റിമേറ്റ് പരിഷ്കരണം പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധത്തിൽ തന്നെ കർശനമായി നടപ്പാക്കി വരുന്നു.
9. റോഡുകൾ കുഴിച്ച് റെസ്റ്റോർ ചെയ്യുന്ന പ്രവൃത്തികളെല്ലാം നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ച് നിയന്ത്രിച്ചു.
10. പൊതുമരാമത്ത് വകുപ്പ് വാങ്ങി നൽകുന്ന ബിറ്റുമിൻ അംഗീകരിച്ച ഷെഡ്യൂൾ പ്രകാരം ചെയ്യുന്നതും, നൽകുന്ന ബിറ്റുമിന്റെ അളവുകൾ കർശനമായി

രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതും ഉറപ്പ വരുത്തി.

**ഇടക്കാല - ദീർഘകാല നടപടികൾ**

1. PWD മാന്വൽ പ്രകാരമുള്ള ഉത്തരവാദിത്വമാണ് ഓവർസിയർമാർ നിർവഹിക്കുന്നത്.
2. കരാറുകാരുടെ രജിസ്ട്രേഷനും, പുതുക്കലും കർശനമാക്കി.
3. കോൺട്രാക്ടർമാരുടെ ലൈസൻസ് എടുക്കലും, പുതുക്കലും അവരുടെ പെർഫോമൻസും, ധനകാര്യസ്ഥിതിയും സർക്കാർ ഉത്തരവുകളും മാന്വലും നിഷ്കർഷിക്കുന്ന രീതിയിൽ ഉറപ്പ വരുത്തി.
4. 15 കോടി രൂപയ്ക്കു മുകളിൽ വരുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിലെ എൻവയോൺമെന്റ് എഞ്ചിനീയറിംഗ് യൂണിറ്റ് EIA പഠനം നടത്തിയിട്ടാണ് ചെയ്തു വരുന്നത്.
5. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും, ഇൻഡക്ഷൻ ട്രെനിംഗും, ഇൻസർവീസ് ട്രെനിംഗും നൽകി വരുന്നു. എല്ലാ വിഭാഗം ജീവനക്കാർക്കും Orientation training ഉം നൽകുന്നു.
6. നിലവിൽ PWD യിൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും, CPWD, MoRTH ഡാറ്റയും, സ്പെസിഫിക്കേഷനും തന്നെയാണ് ഉപയോഗിച്ചു വരുന്നത്.
7. റീസൈക്ലിംഗ് അടക്കമുള്ള പുതിയ രീതികളും, ആധുനിക

| | | | |
|---|---|---|---|
| | | | യന്ത്രങ്ങളും, പുത്തൻ സാങ്കേതിക വിദ്യകളും ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കി. |
| (സി) | പൊതുമരാമത്ത് വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് സംവിധാനം എന്താണ് എന്ന് വിശദമാക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരായ പരാതികളും പ്രവൃത്തികളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ നേരിട്ടും അല്ലാതെയും അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായുള്ള പൊതുമരാമത്ത് വകുപ്പിന്റെ ആഭ്യന്തര വിഭാഗമാണ് ഇന്റേണൽ വിജിലൻസ് സംവിധാനം. |

**സെക്ഷൻ ഓഫീസർ**